വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഉദ്ദേശമുണ്ട്. എവിടെയെല്ലാമാണ് സ്റ്റോറുകൾ ആരംഭിക്കേണ്ടത് എന്നതു സംബന്ധിച്ച് തീരുമാനം ആയിട്ടില്ല.

(ബി) ഈ വർഷം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

സഹകരണനിയമം

7(*187) ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. എം. ദാസൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സഹകരണ മേഖല ശക്തിപ്പെടുത്തുന്നതിനും ജനകീയമാക്കുന്നതിനും സഹകരണനിയമം പാസ്സാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിയമമനുസരിച്ച് സഹകരണമേഖലയിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന പരിഷ്ക്കാരങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(സി) സഹകരണസംഘങ്ങളിലെ ആഡിറ്റിംഗ് ശക്തിപ്പെടുത്തുന്നതിന് പ്രത്യേക ആഡിറ്റ് വിഭാഗം രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) സഹകരണസംഘങ്ങളിലെ തെരഞ്ഞെടുപ്പ് നടത്തുന്നതിന് പ്രത്യേക തെരഞ്ഞെടുപ്പ് കമ്മീഷനെയും നിയമനങ്ങൾക്ക് പ്രത്യേക പരീക്ഷാ ബോർഡിനെയും നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) സംസ്ഥാനത്ത് സഹകരണ മേഖല ശക്തിപ്പെടുത്തുന്നതിനും ജനകീയമാക്കുന്നതിനുമുള്ള ഉദ്ദേശലക്ഷ്യത്തോടെ 1969- ലെ കേരള സഹകരണ സംഘം നിയമം ഭേദഗതി വരുത്തിയിട്ടുണ്ട്. ടി ഭേദഗതി നിയമം കേരള നിയമസഭ പാസാക്കി 1-1-2000-ലെ 21995/ലെജ്/ ബി2/98/ലോ നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) എല്ലാ വായ്പാ, അപ്പക്സ്, കേന്ദ്ര, ഫെഡറൽ സംഘങ്ങളുടെ ഭരണസമിതി തെരഞ്ഞെടുപ്പ് കമ്മീഷൻ രൂപീകരിക്കുക, ഡെപ്പോസിറ്റ് ഗ്യാരണ്ടി സ്കീം പദ്ധതി നടപ്പിലാക്കുക, ആർബിട്രേഷൻ കോടതികൾ രൂപീകരിക്കുക, കോ-ഓപ്പറേറ്റീവ് സർവ്വീസ് എക്സാമിനേഷൻ ബോർഡ് രൂപീകരിക്കുക, കൺസോർഷ്യം ലെന്റിംഗ് സ്കീം പദ്ധതി നടപ്പിലാക്കുക എന്നിവയാണ് പ്രധാന വ്യവസ്ഥകൾ. സമഗ്രമായ ഈ പരിഷ്ക്കാരങ്ങളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. †

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(സി) സഹകരണസംഘങ്ങളിലെ ആഡിറ്റിംഗ് ശക്തിപ്പെടുത്തുന്നതിന് പ്രത്യേക ആഡിറ്റ് വകുപ്പു രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിലേക്കായി 1969-ലെ കേരള സഹകരണസംഘം നിയമത്തിലെ വകുപ്പുകൾ 63, 64 ഉം സഹകരണചട്ടം 64, 65 എന്നിവയിലും ഭേദഗതികൾ വരുത്തിയിട്ടുണ്ട്. ഭേദഗതി നിയമത്തിൽ സഹകരണ ആഡിറ്റ് ഡയറക്ടറെ നിയമിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) സഹകരണസംഘങ്ങളിലെ തെരഞ്ഞെടുപ്പ് നടത്തുന്നതിന് ഗവൺമെന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരുദ്യോഗസ്ഥൻ കമ്മീഷനായി പ്രത്യേക തെരഞ്ഞെടുപ്പു കമ്മീഷനെയും നിയമനങ്ങൾക്കു 3 അംഗങ്ങളടങ്ങിയ പ്രത്യേക പരീക്ഷാ ബോർഡിനെയും നിയമിക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

നദികളുടെ സംരക്ഷണം

8(*188) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നദികളുടെ സംരക്ഷണത്തിന് ലോകബാങ്ക് സഹായത്തോടെയുള്ള ഏതെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) സംസ്ഥാനത്തെ ഏതൊക്കെ നദികളുടെ സംരക്ഷണമാണ് സർക്കാർ ഏറ്റെടുത്തിട്ടുള്ളതെന്നും ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും വ്യക്തമാക്കാമോ ;

(സി) നദികളുടെ സംരക്ഷണം മുൻനിർത്തി റിവർ മാനേജ്മെന്റ് ഫണ്ട് രൂപവൽക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) സംസ്ഥാനത്തെ നദികളെ സംരക്ഷിക്കുന്നതിന് ഒരു ബൃഹത്തായ പദ്ധതി തയ്യാറാക്കുന്നതിനെക്കുറിച്ച് ലോകബാങ്കുമായി ചർച്ചചെയ്തുവരുന്നു. ഇതിന്റെ ആദ്യഘട്ടമായി ഭാരതപ്പുഴ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ഒരു പൈലറ്റ് പ്രോജക്റ്റ് ലോകബാങ്കിന് സമർപ്പിക്കുവാനായി തയ്യാറാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ലേ ഓഫ് മുഖേന അടച്ചിട്ട സ്ഥാപനങ്ങൾ

1. കോക്കനട്ട് കോംപ്ലക്സ്, കോഴിക്കോട്
2. സ്റ്റാൻഡേർഡ് സ്റ്റോൺ പെയേഴ്സ് ആന്റ് ടൈൽസ്, എറണാകുളം
3. മത്തായി കോട്ടൺ മിൽസ്, എറണാകുളം
4. സഫാ ലെതർ വർക്സ്, തൃശ്ശൂർ
5. ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ്, തിരുവനന്തപുരം
6. ട്രാവൻകൂർ ഇലക്ട്രോ കെമിക്കൽസ്, കോട്ടയം
7. ഫോസ്ഫെറസ് ആൻഡ് കെമിക്കൽസ് ട്രാവൻകൂർ ലിമിറ്റഡ്, ആലപ്പുഴ
8. ബ്രിജ്സ്റ്റാർ ബോട്ട്സ്, ആലപ്പുഴ
9. മണ്ണാർക്കാട് ക്രംബ് റബ്ബർ ഫാക്ടറി, പാലക്കാട്
10. ബിംകോ ക്രംസ് പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം
11. ക്രംസ് റബ്ബേഴ്സ്, മുട്ടം, ഇടുക്കി

അനുബന്ധം-II

[27-6-2000- ലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 7 (*187) ദയവായി കാണുക]

1-1-2000 ന് ശേഷം രജിസ്റ്റർ ചെയ്യുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ പ്രവർത്തന പരിധി ഒരു വില്ലേജ് പഞ്ചായത്തിലോ ഒരു മുനിസിപ്പാലിറ്റിയിലോ ആയി പരിമിതപ്പെടുത്തിയിട്ടുണ്ട്.

പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളുടെ പ്രവർത്തന പരിധി ഒരു താലൂക്കായി പരിമിതപ്പെടുത്തിയിട്ടുണ്ട്.

സഹകരണസംഘം രജിസ്ട്രേഷനുള്ള അപേക്ഷയിൻ മേൽ നടപടി സ്വീകരിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിരിക്കുന്നു.

അപ്പക്സ് സംഘങ്ങളിലും കേന്ദ്ര സംഘങ്ങളിലും അഫിലിയേഷനുള്ള നടപടിക്രമവും അപേക്ഷകളിൻമേൽ നടപടി സ്വീകരിക്കുന്നതിന് സമയ പരിധിയും നിശ്ചയിച്ചിരിക്കുന്നു.

നിയമാവലി ഭേദഗതിക്കുള്ള അപേക്ഷയിൻമേൽ നടപടി സ്വീകരിക്കുന്നതിന് സമയപരിധിയും, അതിനുള്ളിൽ തീർപ്പാക്കിയില്ലെങ്കിൽ സംഘങ്ങൾക്ക് പരാതിപ്പെടാനും അത് തീർപ്പാക്കുന്നതിനുള്ള സമയ പരിധിയും നിശ്ചയിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംഘങ്ങളിൽ അംഗങ്ങളാക്കുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്നു. അംഗത്വത്തിനുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിന് സമയ പരിധി ഉൾപ്പെടുത്തിയിട്ടുണ്ട്, ഹോസ്പിറ്റൽ സഹകരണ സംഘങ്ങളിൽ വ്യവസായ വാണിജ്യ സ്ഥാപനങ്ങളേയോ മറ്റേതെങ്കിലും നിയമപ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയോ അംഗങ്ങളാക്കുന്നതിനുള്ള വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സഹകരണ ആശുപത്രി സംഘങ്ങളിൽ മറ്റ് ഏത് സംഘങ്ങളേയും നോമിനൽ/ അസോസിയേറ്റ് മെമ്പർമാരായി ചേർക്കാൻ വ്യവസ്ഥ ചെയ്തു.

സംഘം കാര്യങ്ങളിൽ വോട്ടു ചെയ്യുവാനുള്ള അവകാശം സജീവ അംഗങ്ങൾക്ക് മാത്രമായി നിശ്ചയിച്ചിട്ടുണ്ട്. സംഘം ഭരണസമിതിയിലേക്ക് നോമിനേറ്റ് ചെയ്യപ്പെട്ട സർക്കാർ നോമിനികൾക്ക് ഭരണസമിതി തെരഞ്ഞെടുപ്പിൽ വോട്ടുചെയ്യാനുള്ള അവകാശം നൽകി.

സർക്കാരോ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള മറ്റ് സ്ഥാപനങ്ങളോ അല്ലാത്ത അംഗങ്ങൾക്കു സംഘങ്ങളിൽ എടുക്കാവുന്ന ഓഹരി സംഖ്യയുടെ പരിധി 5,000 രൂപ എന്നത് എടുത്തു കളഞ്ഞു.

സംഘം ഭരണസമിതിയുടെ കാലാവധി മൂന്നു വർഷത്തിൽ അധികരിക്കാത്തത് എന്ന വ്യവസ്ഥ അഞ്ചു വർഷത്തിൽ അധികരിക്കാത്തത് എന്നാക്കി മാറ്റിയിട്ടുണ്ട്. പ്രാഥമിക സഹകരണസംഘങ്ങളുടെ ഭരണസമിതിയിലെ എണ്ണം 15-ൽ അധികരിക്കരുതെന്നും, മറ്റ് സംഘങ്ങളുടെ കാര്യത്തിൽ 25-ൽ അധികരിക്കരുതെന്നും വ്യവസ്ഥചെയ്തു. എല്ലാ സംഘങ്ങളുടേയും ഭരണ സമിതിയിൽ ഒരു വനിതാ അംഗത്തിനും, ഒരു പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ അംഗത്തിനും ഓരോ സീറ്റ് സംവരണം ചെയ്യാനും, അപ്പക്സ്/ സെൻട്രൽ സംഘങ്ങളിലെ ഭരണസമിതിയിൽ ടി വിഭാഗക്കാർ ഇല്ലാത്തപക്ഷം സർക്കാരോ അല്ലെങ്കിൽ രജിസ്ട്രാറോ ടി വിഭാഗത്തിൽപ്പെട്ടവരെ നോമിനേറ്റ് ചെയ്യുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എല്ലാ വായ്പാ, അപ്പക്സ് കേന്ദ്ര, ഫെഡറൽ സംഘങ്ങളുടെ ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തുന്നതിനു വേണ്ടി, സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ രൂപീകരിക്കുന്നതിന് വ്യവസ്ഥ കൊണ്ടുവന്നിട്ടുണ്ട്.

അഡ്മിനിസ്ട്രേറ്റർമാരുടെ കാലാവധി 6 മാസത്തിൽ അധികരിക്കാത്ത കാലത്തേയ്ക്കും ടി കാലാവധി രജിസ്ട്രാർക്ക് നീട്ടികൊടുക്കാവുന്നതും എന്നാൽ ആകെ കാലാവധി ഒരു വർഷത്തിൽ അധികരിക്കരുതെന്നും വ്യവസ്ഥ കൊണ്ടു വന്നിട്ടുണ്ട്.

അഡ്മിനിസ്ട്രേറ്റർമാർക്ക് കമ്മിറ്റിയുടെ എല്ലാമോ അഥവാ ഏതെങ്കിലുമോ ചുമതലകളും അധികാരങ്ങളും കൂടി നിർവഹിക്കുന്നതിന് അധികാരപ്പെടുത്തുന്ന വ്യവസ്ഥ കൊണ്ടു വന്നിട്ടുണ്ട്.

സംഘങ്ങൾക്ക് ഉണ്ടാകുന്ന നഷ്ടത്തിനും, നാശത്തിനും എതിരെ സംഘത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും, സംഘങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കുംവേണ്ടി സഹകരണ വികസന ക്ഷേമനിധി രൂപീകരിക്കുന്നതിന് വ്യവസ്ഥചെയ്തിട്ടുണ്ട്.

ഡിപ്പോസിറ്റ് ഗ്യാരന്റി സ്കീം രൂപീകരിക്കുന്നതിന് വ്യവസ്ഥചെയ്തിട്ടുണ്ട്.

സംഘങ്ങളുടെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും, വികസന അതോറിറ്റികളുടേയും അതുപോലുള്ള സ്ഥാപനങ്ങളുടേയും പശ്ചാത്തല

LIBRARY ARCHIVES Kerala Legislative Assembly

സൗകര്യ വികസനത്തിനായി വായ്പകൾ നൽകുന്നതിലേക്കായി 'കൺസോർഷ്യം ലെന്റിംഗ് സ്കീം' എന്നപേരിൽ ഒരു പദ്ധതി രൂപീകരിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സഹകരണ സംഘങ്ങളിലെ ആഡിറ്റ് കാര്യക്ഷമമാക്കുന്നതിന് ഒരു സഹകരണ ആഡിറ്റ് ഡയറക്ടറുടെ കീഴിൽ ഒരു പ്രത്യേക വിഭാഗം രൂപീകരിക്കുവാൻ വ്യവസ്ഥചെയ്തിരിക്കുന്നു.

സംഘങ്ങളിൽ ഗുരുതരമായ അഴിമതിയോ, സാമ്പത്തിക ക്രമക്കേടുകളോ കണ്ടുപിടിക്കപ്പെട്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്യുന്നതിനും സംഘം ഭരണസമിതിയോട് നിർദ്ദേശം നൽകാൻ രജിസ്ട്രാർക്ക് അധികാരം നൽകിയിട്ടുണ്ട്.

സഹകരണ സംഘങ്ങളിൽ നടക്കുന്ന ഗുരുതരമായ ക്രമക്കേടുകൾ അന്വേഷിക്കുന്നതിനായി ഒരു ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസിന്റെ തസ്തികയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ വിജിലൻസ് ഓഫീസറായി നിയമിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സഹകരണ സംഘങ്ങളിലെ സാമ്പത്തികേതര തർക്കങ്ങൾ കൈകാര്യം ചെയ്യുന്നതിനായി സഹകരണ ആർബിട്രേഷൻ കോടതികൾ രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സംഘം സമാപ്തീകരിക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ച് ഒരു വർഷത്തിനകം സംഘം പുനരുദ്ധരിക്കുന്നതിനുള്ള പ്രപ്പോസൽ ലഭിക്കുകയാണെങ്കിൽ സമാപ്തീകരണ ഉത്തരവ് റദ്ദാക്കുവാൻ വ്യവസ്ഥ ചെയ്തിരിക്കുന്നു.

സംഘം സമാപ്തീകരണ നടപടികൾ പൂർത്തീകരിക്കുന്നതിന് മൂന്നു വർഷക്കാലാവധി നിശ്ചയിച്ചു വ്യവസ്ഥചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, പ്രാഥമിക വായ്പാസംഘങ്ങൾ, അർബൺ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നീ സഹകരണ സ്ഥാപനങ്ങളിലെ ജൂനിയർ ക്ലർക്ക്, അതിനു മുകളിലുള്ള തസ്തികകളിലേയ്ക്ക് നേരിട്ടുള്ള നിയമനത്തിനു എഴുത്തു പരീക്ഷ നടത്തുന്നതിലേയ്ക്ക് കോ-ഓപ്പറേറ്റീവ് സർവ്വീസ് എക്സാമിനേഷൻ ബോർഡ് രൂപീകരിക്കുവാൻ വ്യവസ്ഥ ചെയ്തിരിക്കുന്നു.

സർക്കിൾ സഹകരണ യൂണിയന്റെയും, സംസ്ഥാന സഹകരണ യൂണിയന്റെയും ഭരണസമിതി കാലാവധി മൂന്നിന് പകരം അഞ്ചുവർഷമാക്കി നിശ്ചയിച്ചു.

സംസ്ഥാന സഹകരണ യൂണിയന് തദ്ദേശ സ്ഥാപനങ്ങളുടെ വികസന പരിപാടികളിലും വികേന്ദ്രീകരണ പദ്ധതികളിലും പങ്കെടുക്കുന്നതിനും സംഘം ജീവനക്കാർക്കും, ഭരണസമിതി അംഗങ്ങൾക്കും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും വ്യവസ്ഥ ചെയ്തിരിക്കുന്നു.

കുറ്റങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള പിഴശിക്ഷ കാലോചിതമായി ഉയർത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly